# റിയൽ ലൈഫ് വോയ്സ്

R E A L   L I F E   V O I C E

Monthly

Volume 15
Issue 2

**February 2026**

Price:Rs.5/-
Pages 24

“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു”

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

| Volume 15 | Issue 2 | February 2026 | Pages 24 | Rs.5/ |
|---|---|---|---|---|

**Annual Subscription:** Rs.60/-



Editor:

**Dr. SEBASTIAN M.V.**

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in


**Book No.**
**170**

## ഉള്ളടക്കം


| | പേജ് |
|---|---|
| • **ബൈബിൾവാക്യത്തെ പേടിക്കുന്നവർ** | 3 |
| • **പ്രതികരണങ്ങൾ** | 6 |
| • **ആസ്യയിലെ ഏഴ് സഭകൾ** (24) | 8 |
| • **യോനാ** (പുസ്തകപഠനം) (20) | 11 |
| • **കുടുംബജീവിതം:** പ്രായോഗികചിന്തകൾ(4) | 14 |
| • **ഒരുമിച്ച് 50 വർഷങ്ങൾ** (Episode 4) | 17 |
| • **ഓരോരോ ജന്മങ്ങള്!** (22) | 20 |
| • **... ദുരന്തക്കാഴ്ചകൾ** (73) | 21 |
| • **ലേഖനത്തിന്റെ പേരിൽ...** | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള**
**അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ബൈബിൾവാക്യത്തെ പേടിക്കുന്ന ബിജെപിക്കാർ!

പഞ്ചായത്ത് ഇലക്ഷൻ കഴിഞ്ഞു. പല്ലിളിച്ച് കാണിച്ചുവന്ന് മോഹനവാഗ്ദാനങ്ങൾ നൽകി പലരും അധികാരത്തിൽ കയറി. പലയിടത്തും ബിജെപിയുടെ താമര വിരിഞ്ഞു. ഇലക്ഷൻ കഴിഞ്ഞപ്പോൾ താമരക്കാരുടെ തനിനിറം പുറത്തുവന്നു തുടങ്ങി. ക്രിസ്മസ് ആഘോഷങ്ങൾക്കുനേരെ ആക്രമണങ്ങളുണ്ടായി. വടക്കേഇന്ത്യയിൽ ക്രിസ്ത്യാനികൾക്ക് ഭൂരിപക്ഷവർഗ്ഗീയതയുടെ വക്താക്കളിൽനിന്ന് നിരന്തരം പീഡനങ്ങൾ സഹിക്കേണ്ടിവരാറുണ്ടെങ്കിലും കേരളത്തിൽ അത്രയധികമൊന്നും പ്രശ്നമുണ്ടാകാറില്ല. പക്ഷേ സ്ഥിതി മാറി. ക്രിസ്ത്യാനിയുടെ ചോര വീഴ്ത്താൻ കാവിനിറക്കാർ ഇറങ്ങിയിരിക്കുന്നു.

“തൃശ്ശൂർ ഞാനിങ്ങ് എടുക്കുവാ” എന്നു പറഞ്ഞുകൊണ്ട് തുടങ്ങിയതാണ്. മുസ്ലീങ്ങളോട് ഇവിടുത്തെ യുഡിഎഫും എൽഡിഎഫും വാത്സല്യം കാണിക്കുകയും അതേസമയം ക്രിസ്ത്യാനികളോട് ഒരു രണ്ടാനമ്മനയം കാണിക്കുകയും ചെയ്യുന്നത് തിരിച്ചറിയാനുള്ള കഴിവ് ക്രിസ്ത്യാനിക്കുണ്ടായിരുന്നു. മുസ്ലീങ്ങളോടുള്ള വിരോധം പരസ്യമാക്കി പ്രദർശിപ്പിക്കുകയും, ക്രിസ്ത്യാനികളെ സംരക്ഷിക്കും എന്ന വീരവാദം മുഴക്കുകയും ചെയ്ത് ബിജെപിക്കാർ രംഗപ്രവേശം ചെയ്തപ്പോൾ പല ക്രിസ്ത്യാനികൾക്കും രണ്ടാമതൊന്നു ചിന്തിക്കേണ്ടിവന്നില്ല.

ഇന്ത്യയുടെ കഴിഞ്ഞ കുറെ വർഷങ്ങളിലെ ചരിത്രം എടുത്തു നോക്കിയാൽ ബിജെപിയോ സംഘപരിവാറിലെ മറ്റു അംഗങ്ങളോ ഒരിക്കലും ക്രിസ്ത്യാനിക്ക് അനുകൂലമായിരുന്നില്ല എന്നു കാണാൻ കഴിയും. എത്ര ക്രിസ്ത്യാനികളെയാണ് മരത്തോട് കെട്ടിയിട്ട് പേപ്പട്ടിയെ തല്ലുന്ന പോലെ തല്ലിയത്? എത്ര ക്രിസ്ത്യാനികളെയാണ് സമൂഹമധ്യേ പരസ്യമായി തുണിയില്ലാതെ നടത്തിയത്? കള്ളക്കേസിൽ കുടുക്കിയത്, കൊന്നുതള്ളിയത്, ബലാത്സംഗം ചെയ്തത്, വീടുകളും ആരാധനാലയങ്ങളും അടിച്ചുതകർത്തത്...

എന്നിട്ടും കേരളത്തിലെ ക്രൈസ്തവർ ബിജെപിയെ വിശ്വസിച്ചു. പലരും ബിജെപിക്ക് വോട്ട് ചെയ്ത് വിജയിപ്പിച്ചു. ഇക്കഴിഞ്ഞ പഞ്ചായത്ത്

തിരഞ്ഞെടുപ്പിൽ ക്രിസ്ത്യാനികൾക്ക് ഭൂരിപക്ഷമുള്ളതായി കരുതപ്പെടുന്ന മുനമ്പം, അയ്മനം എന്നിവിടങ്ങളിൽ ബിജെപി പാട്ടുംപാടിയാണ് വിജയിച്ചത്. ബിജെപിയെ തങ്ങളുടെ സംരക്ഷകരായി ക്രിസ്ത്യാനികളിൽ പലരും കണ്ടതിൽ അവരെ കുറ്റം പറയാനാവില്ല. പക്ഷേ, കേരളത്തിൽ ക്രിസ്ത്യാനികൾ  വേട്ടയാടപ്പെടുന്നതിന്റെ വാർത്തകൾ കാണുമ്പോൾ താമരയുടെ സ്ഥാനത്ത് ആട്ടിൻതോലിട്ട ചെന്നായയെയാണ് നാം കാണുന്നത്.

പത്തനാപുരത്തുള്ള ഒരു വിശ്വാസി തന്റെ മതിലിന്മേൽ, "ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ.... എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല" എന്ന വാക്യം എഴുതിവച്ചിരുന്നു. അതിനെതിരെ ബിജെപി രംഗത്തുവന്നത് സംബന്ധിച്ച്, 2026 ജനുവരി 14 ലെ ഒരു വാർത്ത താഴെ കൊടുക്കുന്നത് വായിച്ചാൽ കേരളത്തിലെ ബിജെപിയുടെ ക്രൈസ്തവർക്കെതിരെയുള്ള നിലപാട് വ്യക്തമാകും.

> പെന്തെക്കൊസ്തുവിശ്വാസിയുടെ വീടിന്റെ മതിലിൽ വർഷങ്ങളായി കുറിച്ചിരുന്ന ബൈബിൾവചനത്തിലെ വാക്കിനെതിരെ പ്രതിഷേധവുമായി ബിജെപി തലവൂർ പഞ്ചായത്ത് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഹിന്ദു സംഘടനാപ്രവർത്തകർ രംഗത്തെത്തി.
>
> പത്തനാപുരം പിടവൂർ സത്യൻമുക്കിലുള്ള കുടുംബത്തിന്റെ വീട്ടുമതിലിന്മേൽ എഴുതിയിരുന്ന വചനത്തിലെ വിഗ്രഹാരാധികൾ എന്ന വാക്കിനെതിരെ ആണ് പ്രതിഷേധമുണ്ടായത്. ഹിന്ദു ഐക്യവേദി നേതാവ് ശ്രീമതി. ശശികല ഈ വീടിന്റെ മതിലിന്റെ ചിത്രം സാമൂഹികമാധ്യമത്തിൽ പങ്കുവച്ചിരുന്നു. ഇതേ തുടർന്ന് പഞ്ചായത്ത് മെമ്പർ വിജയകുമാറിന്റെ നേതൃത്വത്തിൽ സംഘടിച്ചെത്തിയവർ മതിലിലെ വിഗ്രഹാരാധികൾ എന്ന വാക്ക് മായിച്ചുകളയണമെന്ന് ആവശ്യപ്പെട്ടു. വീട്ടുകാർ സമ്മതിക്കാതിരുന്നപ്പോൾ മതിൽ ഇടിച്ചുകളയുമെന്ന് ഭീഷണിപ്പെടുത്തി.
>
> പൊലീസ് രംഗത്തെത്തി. അവർ സഭയുടെ നേതാക്കളുമായി ചർച്ച നടത്തി. പൊലീസിന്റെ സാന്നിദ്ധ്യത്തിൽ സ്പ്രേ പെയ്ന്റ് ഉപയോഗിച്ച് ആ വാക്ക് മായിച്ചു.

ആഴ്ചകൾക്കുമുമ്പ് നടന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട വിജയകുമാറേ, മതിലുകളിൽ എഴുതിയിരിക്കുന്ന ബൈബിൾവചനങ്ങൾ മായിച്ചുകളയാനും മതിലിടിച്ച് കളയുമെന്ന് ഭീഷണിപ്പെടുത്താനുമല്ല താങ്കളെ ജനം തെരഞ്ഞെടുത്തത്, ആ വാർഡിൽ ജനക്ഷേമപരിപാടികൾ നടപ്പാക്കാനാണ് എന്ന കാര്യം മറന്നുപോയോ?

നിയമപാലകരായ പൊലീസ് ചെയ്തത് നോക്കൂ. നിയമലംഘകരുടെ ഗുണ്ടായിസത്തിന്റെയും ഭീഷണിയുടെയും നേരെ കണ്ണടയ്ക്കുകയും, ഇരകളുമായി ചർച്ച നടത്തി വേട്ടക്കാരുടെ ആഗ്രഹം നിവർത്തിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു! എല്ലാ തരം 'ഇര–വേട്ടക്കാർ' ബന്ധങ്ങളിലും പൊലീസിന്റെ നയം ഇതു തന്നെയായാൽ എന്താവും നമ്മുടെ നാട്ടിലെ സ്ഥിതി?

ബൈബിൾവചനത്തിലെ വിഗ്രഹാരാധികൾ എന്ന പദമാണ് ചില മത തീവ്രവാദികളെ പ്രകോപിപ്പിച്ചത്. എന്തിന്? സ്വാമി ദയാനന്ദ സരസ്വതി, രാജാറാം മോഹൻ റോയ്, ദേബേന്ദ്രനാഥ് ടാഗോർ (രബീന്ദ്രനാഥ് ടാഗോറിന്റെ പിതാവ്) എന്നിങ്ങനെ എത്രയോ പേർ വിഗ്രഹാരാധനയെ പരസ്യമായി എതിർത്തിരിക്കുന്നു. ഇവരുടെയെല്ലാം വാക്കുകളെ പുസ്തകങ്ങളിൽ നിന്നും സോഷ്യൽ മീഡിയാകളിൽ നിന്നും നീക്കം ചെയ്യണമെന്ന് വാശിപിടിച്ച് മതമൗലികവാദികൾ നടന്നാൽ അവർ വല്ലാതെ വലഞ്ഞുപോകുമല്ലോ.

മികച്ച ഗാനരചയിതാവിനുള്ള ദേശീയപുരസ്കാരമുൾപ്പെടെ നേടിയിട്ടുള്ള വയലാർ രാമവർമ്മ ഭാഗ്യവാനാണ്. കാരണം ശശികലടീച്ചറും പഞ്ചായത്ത് മെമ്പർ വിജയകുമാറും അന്ന് ജനിച്ചിട്ടില്ലായിരുന്നു. അല്ലെങ്കിൽ ഇവരൊക്കെക്കൂടി വയലാറിന്റെ വരികൾക്കെതിരെ ഭീഷണി മുഴക്കിയേനേ. അദ്ദേഹത്തിന് കിട്ടിയ പുരസ്കാരങ്ങൾ നശിപ്പിച്ചു കളഞ്ഞേനേ. കാരണം, വിഗ്രഹാരാധനയെ ശക്തമായി എതിർത്ത് അദ്ദേഹം വരികൾ കുറിച്ചിട്ടുണ്ട്.

> കണ്ണു തുറക്കാത്ത ദൈവങ്ങളേ
> കരയാനറിയാത്ത, ചിരിക്കാനറിയാത്ത
> കളിമൺപ്രതിമകളേ...

വയലാർ കടുത്ത ഇടതുപക്ഷചിന്താഗതിയുള്ള കവിയായതുകൊണ്ട് അദ്ദേഹത്തിന്റെ മെക്കട്ട് ചെന്നാൽ ചെങ്കൊടിയും ഹെൽമറ്റും ചെടിച്ചട്ടിയും കൊണ്ടുള്ള 'രക്ഷാപ്രവർത്തനം' നേരിടേണ്ടിവരും. ക്രിസ്ത്യാനികളുടെ നേരയാകുമ്പോൾ കാര്യങ്ങൾ വളരെ എളുപ്പമാണ്. അവർ തിരിച്ചടിക്കില്ല.

അല്ല, ചങ്ങാതിമാരേ, ഞാൻ ഒരു കാര്യം കൂടി ചോദിച്ചോട്ടെ. ബൈബിൾ പറയുന്ന ദൈവരാജ്യത്തിൽ വിഗ്രഹാരാധികൾ കടക്കുകയില്ല എന്നല്ലേ പറഞ്ഞിരിക്കുന്നത്? അതിന് നിങ്ങളെന്തിനാണ് ബേജാറാകുന്നത്? ക്രിസ്ത്യാനിയുടെ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ നിങ്ങൾക്ക് താത്പര്യമില്ലല്ലോ. ബൈബിൾ പറയുന്ന ദൈവരാജ്യത്തിൽ വിഗ്രഹാരാധികളായ നിങ്ങൾ പ്രവേശിക്കുകയില്ല എന്ന വാക്യം കണ്ട് നിങ്ങൾ ആ വാക്യത്തെ ചൊല്ലി സന്തോഷിക്കുകയല്ലേ വേണ്ടത്? നിങ്ങളുണ്ടാക്കിയ ബഹളം കണ്ടാൽ തോന്നും, നിങ്ങൾക്ക് വിഗ്രഹാരാധന നടത്തുകയും വേണം, ബൈബിളിലെ ദൈവരാജ്യത്തിൽ കടക്കുകയും വേണമെന്ന്! **എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## J C Dev, Nedungadappally, Kottayam

ജനുവരി ലക്കം മാസിക വായിച്ചു. ഞാൻ ശ്രദ്ധിക്കുന്ന ഒരു മാസിക യാണ് റിയൽ ലൈഫ് വോയ്സ്. പതിനഞ്ചാം വർഷം എന്നു കണ്ടു. എനിക്ക് വളരെ അത്ഭുതം തോന്നി. കഴിഞ്ഞ പത്തുപതിനഞ്ചുവർഷമായി ഇത് പ്രസി ദ്ധീകരിച്ചുവല്ലോ. ബ്രദറിന്റെ ഈ ഉദ്യമം വളരെ രസകരമായി തോന്നി. വലിയ വലിയ വിഷയങ്ങൾ ചെറിയ ക്യാപ്സ്യൂൾ രീതിയിൽ പറയുന്ന ഒരു ശൈലിയാണ് ഈ മാസികയിലുള്ളത്. അത് വായനക്കാരെ വളരെ ചിന്തി പ്പിക്കും. തൃശ്ശൂർ ലാലൂരിലെ ക്രിസ്തുസഭ കഴിഞ്ഞ ഡിസംബർ മുതൽ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയെന്ന് വായിച്ചു. ഇത് ഒരു ബ്രദ്റൺമാസികയും റിപ്പോർട്ട് ചെയ്തിരുന്നില്ല. കെ. വി. ഐസക് സഹോദരന്റെ ലേഖനങ്ങൾ തീർന്നുവോ?

## Viswarajan N, Poojappura, Trivandrum

ബ്രദർ അയയ്ക്കുന്ന മാസിക വളരെ നല്ലതാണ്. ഞാൻ മുടങ്ങാതെ വായി ക്കുകയും മറ്റുള്ളവർക്ക് വായിക്കുവാൻ കൊടുക്കുകയും ചെയ്യുന്നു.

## Johnson K K, Poomala, Thrissur

വിവിധ തരത്തിലുള്ളതും തലത്തിലുള്ളതുമായ ക്രിസ്തീയ മാസികകൾ നമുക്ക് ലഭ്യമാണെങ്കിലും റിയൽ ലൈഫ് വോയ്സ് മാസികയുടെ ഉള്ളട ക്കവും അവതരണരീതിയും ഇഷ്ടപ്പെടുന്ന അനേകർ പ്രായഭേദമെന്യേ ന മ്മുടെ ഇടയിൽ ഉള്ളതുകൊണ്ട് ഈ മാസികയുടെ പ്രസിദ്ധീകരണം അച്ചടി രൂപത്തിൽ തന്നെ തുടരുവാൻ ദൈവം സഹോദരനെ സഹായിക്കട്ടെ.

## A V Jose, Maruthancode, Thrissur

എന്റെ സുവിശേഷപ്രവർത്തനം 60 വർഷം പിന്നിടുന്നു. ഞാൻ ആരിൽ നിന്നും ഡോണേഷൻ വാങ്ങാറില്ല. ഓരോ വരിയും സൂക്ഷിച്ചുവായിക്കുന്ന ഏകമാസിക താങ്കളുടേതാണ്. പണ്ട് ചെറുതുരുത്തിയിൽനിന്ന് *പൊൻകതി രുകൾ* എന്നൊരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. താങ്കളുടെ മാസിക കാണു മ്പോൾ അതാണ് എനിക്കോർമ്മ വരുന്നത്.

**C I George, Mannuthy, Thrissur**

ജനുവരിമാസത്തെ എഡിറ്റോറിയൽ വായിച്ചു. പതിനഞ്ചാം വർഷത്തിലേക്ക് പ്രവേശിച്ച കാര്യം കണ്ടു. കഴിഞ്ഞ വർഷങ്ങളിൽ ദൈവം നിങ്ങളെ നടത്തിയിരുന്ന കാര്യം എഴുതിയിരുന്നത് ഞങ്ങൾ ശ്രദ്ധിച്ചു. ഞങ്ങളുടെ ആത്മികപ്രവർത്തനങ്ങൾക്കും അത് പ്രയോജനകരമാണ്. ഞങ്ങളും ഇതുപോലെത്തന്നെയാണ് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയത്. സ്വന്തം കൈയാൽ അദ്ധ്വാനിച്ച്, ലഭിക്കുന്ന പണം പ്രവർത്തനത്തിനുവേണ്ടി ഉപയോഗിച്ചുവന്നു. നിങ്ങളുടെ പ്രവർത്തനവും ദീർഘകാലം മുന്നോട്ടുപോകാൻ സർവശക്തനായ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| Shackeel Thomas, Bhemanad, Palakkad | Not known |
| Vinod, Parappurath House, Muriyad | More than one person |

**അഡ്രസ്‌ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

**അഡ്രസ്സുകൾ അയച്ചുതരിക**

ഈ മാസിക വായിക്കാൻ താത്പര്യമുള്ളവരുടെ അഡ്രസ്സ് അയച്ചു തരിക. വരിസംഖ്യ നിർബന്ധമില്ല. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി.

**www.reallifevoice.in**

നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക. 2020 മുതലുള്ള മാസികകൾ സൈറ്റിൽ ലഭ്യമാണ്. കൂടാതെ 27 പുസ്തകങ്ങളും (മലയാളത്തിലും, ഇംഗ്ലീഷിലുമുള്ളത്) ലഭ്യമാണ്.

---

170

**ഈ ലക്കം റിയൽ ലൈഫ് വോയ്സിന്റെ 170-ാം ലക്കമാണ്. കഴിഞ്ഞ 170 മാസങ്ങളിൽ, ഒരു മാസം പോലും മുടങ്ങാതെ, ഇത് പ്രസിദ്ധീകരിക്കുവാൻ ദൈവം ഞങ്ങളെ പ്രാപ്തരാക്കിയതോർത്ത് സ്തോത്രം ചെയ്യുന്നു. (എഡിറ്റർ)**

---

# ആസ്യയിലെ ഏഴ് സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

24

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## സർദ്ദിസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:1-6)

*ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണതയുള്ള തായി കണ്ടില്ല (3:2)*

**ഉണർന്നുകൊൾക**

സർദ്ദിസിലെ സഭയ്ക്ക് ഉണരാനുള്ള മുന്നറിയിപ്പ് ആണ് കർത്താവ് കൊടുക്കുന്നത്. ഓരോ സ്ഥലംസഭയും ഉണർന്നില്ലെങ്കിൽ അവിടെയുള്ള വിശ്വാസികൾ മൊത്തം മുരടിച്ചുപോകുമെന്നു മാത്രമല്ല അടുത്ത തലമുറ അങ്ങേയറ്റം നശിച്ചുപോകുകയും ചെയ്യും. അതുകൊണ്ട് ഓരോ വിശ്വാസിയും ഉണരണം. അവന്റെ ആത്മികജീവിതത്തെ ചിട്ടപ്പെടുത്തണം. വേദപുസ്തകവായനയും പ്രാർത്ഥനയും സഭായോഗങ്ങളും മുടക്കരുത്.

എഫെസ്യർ 5:14 "ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക. എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും" അവിശ്വാസികളെ 'മരിച്ചവർ' എന്നാണ് ദൈവവചനം വിളിക്കുന്നത് (എഫെസ്യർ 2:1). മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റ് പോരാനാണ് കർത്താവ് പറയുന്നത്. അവിശ്വാസികളുടെ നടുവിൽ നിന്ന് പുറപ്പെട്ട് പോരാനാണ് കർത്താവ് ആഹ്വാനം ചെയ്യുന്നത്. സഭയ്ക്ക് കൊടുക്കേണ്ട പ്രാധാന്യം കൊടുക്കാതെ അവിശ്വാസികളുടെ കൂടെ സമയം ചെലവഴിക്കുന്ന ദൈവജനത്തെ ഉറങ്ങുന്നവർ എന്നോ ചത്തവർ എന്നോ ആണ് ബൈബിൾ വിളിക്കുന്നത്.

"...ഉറക്കത്തിൽനിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു..." (റോമർ 13:11). എങ്ങനെയാണ് ഉണരേണ്ടത് എന്ന് തുടർന്നുള്ള വാക്യങ്ങളിൽ എഴുതിയിട്ടുണ്ട് (13:12-14). നമ്മുടെ എല്ലാ മര്യാദകേടുകളും മാറ്റി, പിണക്കവും അസൂയവും മാറ്റി നാം പുതുക്കം പ്രാപിക്കണം.

**ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക**

സർദ്ദിസിലെ സഭയെ ചത്ത സഭ എന്ന് കർത്താവ് വിളിച്ചെങ്കിലും ചില കാര്യങ്ങൾ ഇനിയും അവരിൽ ബാക്കിയുണ്ട്. ചാവാറായ ശേഷിപ്പുകൾ എന്നാണ് കർത്താവ് പറയുന്നത്. അവരിൽ ശേഷിക്കുന്ന ഗുണങ്ങൾ കൂടി ചത്തുകൊണ്ടിരിക്കയാണ്. അതിനെ ശക്തിപ്പെടുത്തി, ആത്മികജീവിതത്തിലേക്ക് അവർ തിരിച്ചുവരണം.

പിന്മാറ്റാവസ്ഥയിൽ കഴിയുന്ന ചിലരിലും ചില ഗുണങ്ങൾ അവശേഷിക്കുന്നത് കാണാം. അവരുടെ പിന്മാറ്റത്തെ ദൈവം ഇഷ്ടപ്പെടുന്നില്ലെങ്കിലും അവരിൽ അവശേഷിക്കുന്ന ഗുണങ്ങളെ ദൈവം ഇഷ്ടപ്പെടുന്നു. സഭയിലെ പ്രശ്നങ്ങൾ നിമിത്തമോ, ബന്ധുക്കളുടെ സമ്മർദ്ദം നിമിത്തമോ, സാമ്പത്തിക പ്രതിസന്ധി നിമിത്തമോ അവർ പിന്മാറ്റത്തിൽ പോയതാകാം. ഏത് കാരണത്താലായാലും പിന്മാറ്റത്തിൽ പോകുന്നതിന് ന്യായീകരണമൊന്നുമില്ല. അവരിൽ ശേഷിക്കുന്ന ഗുണങ്ങൾ കൂടി ഇല്ലാതാകുന്നതിനു മുമ്പ്, ദൈവത്തിലാശ്രയിച്ച് അവർ തിരിച്ചുവരണം.

**ഞാൻ നിന്റെ പ്രവൃത്തി... പൂർണ്ണതയുള്ളതായി കണ്ടില്ല**

“I have not found your works perfect in the sight of my God” സർദ്ദിസിലെ സഭ പല പ്രവൃത്തികൾ ചെയ്യുന്നുണ്ട്. പ്രാർത്ഥന, കൊട്ടേജ് മീറ്റിംഗ്, കൺവൻഷൻ, ഭവനസന്ദർശനം, സൺഡേസ്കൂൾ... പക്ഷേ ദൈവികസന്നിധിയിൽ നിന്ന് നോക്കുമ്പോൾ ഈ പ്രവൃത്തികളെല്ലാം ആക്രിക്കടയിലെ പൊട്ടിപ്പൊളിഞ്ഞതും കേടുവന്നതും ആയ പാഴ്വസ്തുക്കൾ പോലെയാണ്! ആത്മികപ്രവർത്തനങ്ങൾ എന്ന പേരിൽ നാം ചെയ്യുന്ന പ്രവർത്തനങ്ങളെ മറ്റുള്ളവർ ‘സൂപ്പർ’ എന്ന് വിലയിരുത്തിയേക്കാം; പക്ഷേ കർത്താവ് എങ്ങനെ വിലയിരുത്തുന്നു എന്നതാണ് പ്രധാനം.

ദൈവത്തിന്റെ പേരിൽ നാം ചെയ്തുകൂട്ടുന്ന കാര്യങ്ങളുടെ പിന്നിലുള്ള നമ്മുടെ മനോഭാവം ദൈവം നോക്കുന്നുണ്ട്. “ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ” (2 തിമൊ. 3:5) ആണ് നാമെങ്കിൽ, നാം നടത്തുന്ന സുവിശേഷപ്രവർത്തനവും സൺഡേസ്കൂളും മറ്റുള്ളവയും എല്ലാം വ്യർത്ഥമാണ്. ഉഗ്രനായി എന്നു ആളുകൾ പറയുന്നതിലല്ല കാര്യം, കർത്താവ് പൂർണ്ണതയുള്ളതായി കാണുന്നുണ്ടോ എന്നതിലാണ്. “കർത്താവ് പുകഴ്ത്തുന്നവനത്രേ കൊള്ളാകുന്നവൻ” (2 കൊരിന്ത്യർ 10:17).

ചിലർ നടത്തുന്ന ദാനധർമ്മവും പ്രാർത്ഥനയും ഉപവാസവും അവരുടെ ഭക്തിയുടെ പ്രദർശനമല്ലെന്ന് കർത്താവ് മത്തായി 6:2–16 പറഞ്ഞിട്ടുണ്ട്. അവരുടെ ലക്ഷ്യം ദൈവത്തെ പ്രസാദിപ്പിക്കുക എന്നതല്ല; അതാണ് കാരണം.

*ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തത് എങ്ങനെ എന്ന് ഓർത്ത് അത് കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും. ഏത് നാഴികയ്ക്ക് നിന്റെമേൽ വരും എന്നു നീ അറികയും ഇല്ല (3:3)*

**ഓർക്കുക**

ഓരോ വിശ്വാസിയും സഭയും അവർ തുടക്കത്തിൽ കേട്ട സന്ദേശവും കാര്യങ്ങളും കാത്തുകൊള്ളണം. അതിൽ നിന്ന് വ്യതിചലിക്കരുത്. അപ്പൊസ്തലന്മാരായ പത്രൊസിൽനിന്നും പൗലൊസിൽനിന്നും മറ്റു പുതിയനിയമ എഴുത്തുകാരിൽനിന്നുമാണ് നാം കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. അതിൽ ഒന്നും കൂട്ടിച്ചേർക്കരുത്. അതിൽനിന്ന് ഒന്നും മാറ്റുകയും അരുത്. "പൗലൊസിന്റെ കാഴ്ചപ്പാട് ശരിയല്ല", "ആ വചനത്തോട് എനിക്ക് യോജിപ്പില്ല" എന്നൊക്കെ പറയുന്നവരെ കണ്ടിട്ടുണ്ട്. അങ്ങനെയുള്ളവർ മാനസാന്തരപ്പെടണം എന്നാണ് ഈ വാക്യത്തിന്റെ ആശയം.

ഒന്നാം നൂറ്റാണ്ടിലെ പിതാക്കന്മാർ (പുതിയനിയമഎഴുത്തുകാർ) പഠിപ്പിച്ചതും പറഞ്ഞതുമായ കാര്യങ്ങൾ തന്നെയാണ് നാം പിന്തുടരേണ്ടത്. അവർ പറയാത്ത കാര്യങ്ങൾ നാം പറയരുത്. അവർ പഠിപ്പിച്ച കാര്യങ്ങളിൽ, അവരേക്കാൾ പാണ്ഡിത്യം നമുക്കുണ്ട് എന്ന പോലെ നാം പെരുമാറരുത്. "Remember then what you received and heard; keep that.." "നിനക്ക് കിട്ടിയതും നീ കേട്ടതും എന്താണോ അത് ഓർക്കുക; അത് പാലിക്കുക" ഇതാണ് നാം ചെയ്യേണ്ടത്. ബൈബിളിന്റെ പുതിയനിയമത്തിന്റെ എഴുത്തുകാരെയോ പുതിയനിയമത്തിലെ എഴുത്തുകളെയോ അംഗീകരിക്കാത്തവർക്ക് ക്രിസ്ത്യാനിയായി തുടരാൻ അർഹതയില്ല.

**ഞാൻ കള്ളനെപ്പോലെ വരും**

മാനസാന്തരപ്പെടാതിരുന്നാൽ കർത്താവ് നമ്മോട് അപ്രതീക്ഷിതമായി ഇടപെടും. നമ്മുടെ ഭാഗത്തുള്ള തെറ്റുകൾക്ക് കർത്താവ് നമ്മെ ഉടനടി ശിക്ഷിക്കാത്തത് അവിടുത്തെ കരുണയും ദീർഘക്ഷമയും കൊണ്ട് മാത്രമാണ്. അല്ലാതെ, നമ്മുടെ മിടുക്ക് കണ്ടിട്ടോ, നാം സഭയിൽ നിന്ന് പോയാൽ സഭ ഗതികേടിലാവും എന്നു കരുതിയോ അല്ല. മോശെയില്ലെങ്കിൽ യോശുവയെ ദൈവം ഉപയോഗിക്കും. ഏലിയാവ് പോയാൽ എലീശ വരും. കർത്താവിന്റെ കയ്യിലെ ഉപകരണങ്ങൾ മാത്രമാണ് നാം. ഉപകരണങ്ങൾ ഒതുങ്ങിനിന്നുകൊടുത്താൽ മതി. ഉപയോഗിക്കുന്നവൻ ആ ഉപകരണങ്ങളെക്കൊണ്ട് എല്ലാ കാര്യവും ഭംഗിയായി ചെയ്തുകൊള്ളും. നമ്മുടെ ഭാഗത്തുള്ള കുറവുകളെ നമുക്ക് എത്രയും വേഗം തിരുത്താം – നമുക്ക് വിരോധമായി കർത്താവിന്റെ ഇടപെടൽ ഉണ്ടാകുന്നതിനു മുമ്പ്!

**(തുടരും)**

# യോനാ
## (പുസ്തകപഠനം)

20

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:11**

**എന്നാൽ സമുദ്രം മേൽക്കുമേൽ അധികം കോപിച്ചതുകൊണ്ട് അവർ അവനോട്: സമുദ്രം അടങ്ങുവാൻ തക്കവണ്ണം ഞങ്ങൾ നിന്നോട് എന്തു ചെയ്യേണ്ടൂ എന്ന് ചോദിച്ചു.**

സാഹചര്യങ്ങൾ കൂടുതൽ കൂടുതൽ മോശമാവുകയാണ്. നിലവിൽ ഉള്ള സാഹചര്യം 'കപ്പൽ തകർന്നുപോകുവാൻ തക്കവണ്ണം' ഉള്ളതാണ് (വാക്യം 4). സമുദ്രം മേൽക്കുമേൽ കോപിച്ചതുകൊണ്ട് ആ സാഹചര്യം ഇപ്പോൾ കൂടുതൽ വഷളായിരിക്കുന്നു.

വഷളായ സാഹചര്യം ഒന്നുംകൂടി വഷളായാൽ അതിനെ വർണ്ണിക്കാൻ വേണ്ടി പറയാറുള്ള ചൊല്ലുകൾ നോക്കുക: കൂനിന്മേൽ കുരു വരിക, ഇടിവെട്ടേറ്റവനെ പാമ്പ് കടിക്കുക, പണ്ടേ ദുർബല, ഇപ്പോൾ ഗർഭിണി... ഇങ്ങനെയുള്ള സാഹചര്യങ്ങളിലൂടെയാണ് ഇപ്പോൾ കടലിലുള്ളവർ കടന്നുപോകുന്നത്. അവർ ആ സാഹചര്യത്തിൽ അല്പനേരം അവിടെ കിടക്കട്ടെ. നമുക്ക് നമ്മിലേക്ക് നോക്കാം.

നമ്മുടെ സാഹചര്യങ്ങൾ ചിലപ്പോഴൊക്കെ ഇങ്ങനെ വരാറില്ലേ? ഇത്തരം സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നവരെ നമ്മുടെ ചുറ്റും നാം കാണാറില്ലേ? കൂന് മാത്രമുള്ള അവസ്ഥയല്ല, അതിന്മേൽ കുരു കൂടി ഉള്ള അവസ്ഥ! ഒരു അദ്ധ്യാപകനും അദ്ധ്യാപികയും പുതിയൊരു കാറ് വാങ്ങി അത് വെഞ്ചിരിക്കാൻ പള്ളിയിലേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. അവരുടെ രണ്ട് മക്കളും കാറിൽ കയറിയിരുന്നു. ദമ്പതികൾ കയറുന്നതിനു മുമ്പ് കാർ മുന്നോട്ടു നീങ്ങി. മുറ്റത്തുനിന്ന് ആദ്യം റോഡിലേക്ക്, പിന്നെ റോഡിന്റെ അപ്പുറത്തുള്ള പുഴയിലേക്ക് കാർ വീണു. രണ്ട് മക്കളും മരിച്ചു. അദ്ധ്യാപകൻ വിഷം കഴിച്ചു. കേരളത്തിൽ നടന്ന കാര്യമാണ്. ആ അദ്ധ്യാപികയുടെ അവസ്ഥ ചിന്തിക്കുക!

നമ്മുടെ സാഹചര്യം ചിലപ്പോൾ നല്ലതല്ലായിരിക്കാം. നമുക്ക് സങ്കടങ്ങളും പ്രശ്നങ്ങളും ഉണ്ടാകാം. പക്ഷേ ആ സാഹചര്യം ഇനിയും കൂടുതൽ

വഷളാകാൻ സാധ്യതയില്ലേ? അങ്ങനെയെങ്കിൽ, നാം ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് അങ്ങേയറ്റം വഷളായ സാഹചര്യത്തിലൂടെയല്ല എന്നു വ്യക്തമാകുന്നു.

യോനായുടെ പുസ്തകത്തിൽനിന്ന് ഞാനിത് വ്യക്തമാക്കാം. 1:4 വായിക്കുമ്പോൾ, "കപ്പൽ തകർന്നു പോകുവാൻ തക്കവണ്ണം സമുദ്രത്തിൽ വലിയൊരു കോൾ ഉണ്ടായി" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് വായിച്ചാൽ നമുക്ക് തോന്നിയേക്കാം, അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും മോശമായ അവസ്ഥയാണ് അത് എന്ന്! 1:11 ൽ നാം വായിക്കുന്നത്, "സമുദ്രം മേൽക്കുമേൽ അധികം കോപിച്ചു" എന്നാണ്. അപ്പോൾ ആദ്യത്തേതിനേക്കാൾ അവസ്ഥ മോശമായി. അതായത്, ആദ്യത്തെ അവസ്ഥ താരതമ്യേന മെച്ചമായിരുന്നു എന്നു സാരം! 1:11 ലെ അവസ്ഥയും ഏറ്റവും മോശമായ അവസ്ഥയായിരുന്നില്ല. 1:13 ലാണ് സാഹചര്യം ഏറ്റവും മോശമായത്. "സമുദ്രം കോപിച്ചു, കോൾ പെരുകി വന്നു" എന്ന് നാം അവിടെ വായിക്കുന്നുവല്ലോ.

1:13-ാം വാക്യവുമായി താരതമ്യം ചെയ്താൽ 1:11, 1:5 എന്നീ വാക്യങ്ങളിലെ അവസ്ഥ മെച്ചമുള്ളതായിരുന്നു. ഞാൻ പറഞ്ഞുവന്നത് എന്താണെന്നു വച്ചാൽ, ഒരു മോശം അവസ്ഥ ജീവിതത്തിൽ ഉണ്ടാകുമ്പോഴേക്കും അതാണ് ഏറ്റവും മോശമായ അവസ്ഥ എന്നു ചിന്തിക്കരുത് എന്നാണ്. ചില കുട്ടികളെ ഒന്നു പതിയെ തല്ലുമ്പോഴേക്കും അവർ അലമുറയിട്ട് കരയുന്നത് കാണാം. ഇനി ഇതിനേക്കാൾ വലിയ തല്ല് കിട്ടാനില്ല എന്നപോലെ! നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന മോശം സാഹചര്യങ്ങൾ ഇനിയും കൂടുതൽ മോശമാകാനുള്ള സാധ്യത കിടപ്പുള്ളതുകൊണ്ട്, നിലവിലെ മോശം സാഹചര്യത്തിന് നാം സ്തോത്രം ചെയ്യണം - ഇത്ര പ്രശ്നമല്ലേയുള്ളൂ എന്നോർത്ത്!

ഞാൻ എന്റെ 41-ാം വയസ്സിൽ ഡ്രൈവിംഗ് ലൈസൻസ് എടുത്ത്, അധികം താമസിയാതെ ഒരു കാർ വാങ്ങി. ചില ദിവസങ്ങൾക്കുള്ളിൽ ആ കാർ അപകടത്തിൽ പെട്ടു. എനിക്ക് വലിയ ദുഃഖമുണ്ടായി. ആ കാർ എടുത്ത് വർക്ക്ഷോപ്പിൽ കൊണ്ടുപോയപ്പോൾ, അവിടെ അപകടത്തിൽ പെട്ട് തകർന്നു കിടക്കുന്ന കുറെ കാറുകൾ കാണുവാനിടയായി. ഇതൊക്കെ കാറുകൾ തന്നെയാണോ എന്നു സംശയം തോന്നത്തക്ക വിധമാണ് പലതിന്റെയും അവസ്ഥ! ഞാൻ ദൈവത്തിന് സ്തോത്രം ചെയ്തു. എന്റെ കാറിനു ഇത്രയല്ലേ പറ്റിയുള്ളൂ.

2024 ൽ ഞാൻ ബൈക്കിൽ പോകുമ്പോൾ ഒരു പൂച്ച ഓടിവന്ന് എന്റെ ബൈക്കിന്റെ മുന്നിൽ ചാടിയതുകൊണ്ട് ഞാൻ തല്ലിയലച്ച് താഴെ വീണു.

എനിക്ക് ശരീരത്തിൽ പൊട്ടലും ചതവും ഉണ്ടായി. എന്റെ വലത്കൈയിന്റെ ഷോൾഡറിലെ എല്ലുകൾ പൊട്ടിത്തകർന്നു. എനിക്ക് സർജറി വേണ്ടിവന്നു. എനിക്ക് ദൈവം വലിയ കൃപ തന്നിരുന്നു. ഈ അപകടത്തിന്റെ അന്നും തുടർന്നുള്ള ദിവസങ്ങളിലും ഒരിക്കൽപോലും ഞാൻ ദൈവത്തോട് പിറുപിറുത്തില്ല. പരിഭവം പറഞ്ഞുമില്ല. കാരണം പൂച്ചയും പട്ടിയും കുറുക്കനും പന്നിയും എല്ലാം ബൈക്കിനു മുന്നിൽ വട്ടം ചാടിയത് നിമിത്തം മരണപ്പെട്ടവരും, കാൽ തകർന്ന് മാസങ്ങളോളം കിടപ്പിലായവരും, കോമയിൽ പ്രവേശിച്ചവരും ഉള്ളപ്പോൾ എന്നോട് ദൈവം കാണിച്ചത് എത്രയോ വലിയ വിടുതലാണ്!

നമുക്കൊരു പ്രശ്നം വരുമ്പോൾ ദൈവത്തോട് കൂടുതൽ അടുത്ത് ചെല്ലുക. നിലവിലെ പ്രശ്നമാണ് ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നം എന്ന പോലെ പെരുമാറരുതേ!

**ഞങ്ങൾ നിന്നോട് എന്ത് ചെയ്യുണ്ടു?**

സമുദ്രം മേൽക്കുമേൽ കോപിച്ചതുകൊണ്ടും അത് യോനാ നിമിത്തമാണെന്ന് മനസ്സിലാക്കിയതുകൊണ്ടും, കപ്പൽക്കാർ യോനയോട് ചോദിച്ചു: ഞങ്ങൾ നിന്നെ എന്താണ് ചെയ്യേണ്ടത്? പ്രശ്നത്തിന് കാരണക്കാരനായവനോട് തന്നെ പരിഹാരമാർഗ്ഗം ചോദിക്കുകയാണ്. ചിലർക്ക് പ്രശ്നങ്ങളുണ്ടാക്കാൻ മാത്രമേ കഴിയൂ. പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ അവർക്കു കഴിവില്ല. പ്രശ്നങ്ങൾ ഉണ്ടാക്കാൻ എളുപ്പമാണ്. പിന്നീട് അത് പരിഹരിക്കാനാണ് ബുദ്ധിമുട്ട്. അതുകൊണ്ട് നാം പ്രശ്നങ്ങൾ ഉണ്ടാക്കാതെ പരമാവധി ശ്രദ്ധിക്കണം.

ചിലർ വീട്ടിൽ എപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. ചിലർ സഭയിൽ എപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. അവർക്ക് പ്രശ്നങ്ങൾ ഉണ്ടാക്കാനേ അറിയൂ. അവരുടെയും മറ്റുള്ളവരുടെയും സമാധാനം കെടുത്താനേ കഴിയൂ. ചിലർ ബൈബിൾക്ലാസ്സിന് വന്നിരുന്നാൽ തർക്കിക്കാൻ ഒരു വിഷയം കിട്ടാൻ കാത്തിരിക്കുന്ന പോലെ തോന്നിയിട്ടുണ്ട്. സമാധാനത്തിന്റെ അന്തരീക്ഷം എങ്ങനെയെങ്കിലും തകർക്കാൻ മിടുക്ക് കാട്ടുന്നവരെ പലയിടത്തും കണ്ടിട്ടുണ്ട്. അവരുടെ ഉള്ളിൽ സമാധാനമില്ല, മറ്റുള്ളവർക്ക് അവർ സമാധാനം കൊടുക്കുകയുമില്ല.

നമ്മളായിട്ട് വല്ലയിടത്തും പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ നാം തന്നെ ശ്രമിക്കണം. ഒരു സോറി പറഞ്ഞാൽ തീരാവുന്ന പ്രശ്നമേ പലയിടത്തും കാണുകയുള്ളൂ. ഒരു സൗഹൃദസന്ദർശനം കൊണ്ടോ ഒരു പുഞ്ചിരികൊണ്ടോ ഒരു ഫോൺവിളികൊണ്ടോ തീരാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാതെ വലിച്ചുനീട്ടി കൊണ്ട് പോകരുത്. **(തുടരും)**

# കുടുംബജീവിതം:
## ചില പ്രായോഗിക ചിന്തകൾ

-എംവിഎസ്-

4

### ഭാഗം ഒന്ന്: ആമുഖചിന്തകൾ

വിവാഹത്തോടുള്ള ബന്ധത്തിൽ, പലരുടെയും ജീവിതത്തിൽ ദൈവഹിതത്തിനെതിരായുള്ള ചില പ്രവൃത്തികൾ തുടക്കത്തിൽ തന്നെ സംഭവിച്ചുപോകുന്നു. അതെക്കുറിച്ച് അവർ പശ്ചാത്തപിക്കാറുമില്ല. തെറ്റുകൾ എത്ര വൈകിയാലും തിരുത്തപ്പെടണം. ദൈവത്തോട് മാപ്പ് ചോദിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ കുടുംബജീവിതത്തിൽ അതുനിമിത്തമുള്ള അനുഗ്രഹ നഷ്ടങ്ങൾ ഉണ്ടാകും.

തുടക്കത്തിൽ സംഭവിക്കാവുന്ന ചില തെറ്റുകൾ:

**1. സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ച**

**2. നാട്ടുനടപ്പിനെക്കുറിച്ചുള്ള ചർച്ച** (ഇത് രണ്ടും നാം ചിന്തിച്ചതാണല്ലോ)

**3. ഫോണിലൂടെയുള്ള ഇക്കിളി വർത്തമാനം**

വിവാഹം ഏതാണ്ട് തീരുമാനമായിക്കഴിഞ്ഞാൽ 'ചെറുക്കനും പെണ്ണും' ഫോണിൽ വിളിച്ച് സംസാരിക്കുന്ന പതിവ് കണ്ടുവരുന്നു. ഇങ്ങനെ ദിവസവുമുള്ള ഫോൺവിളി നിമിത്തം അവർക്ക് 'സെറ്റാകാൻ' കഴിയും എന്നാണ് പൊതുവെയുള്ള അഭിപ്രായം. ഞങ്ങളുടെ വിവാഹനിശ്ചയം കഴിഞ്ഞ് 4 മാസങ്ങൾ കഴിഞ്ഞിട്ടായിരുന്നു വിവാഹം. ഇത്രയും നാളുകൾക്കിടയിൽ ഞങ്ങൾക്ക് രണ്ടാൾക്കും ഫോണിലൂടെ 'സെറ്റാകാൻ' കഴിഞ്ഞില്ല. എന്നിട്ടും ഞങ്ങൾ ഇരുപത്തിയേഴ് വർഷം പിന്നിട്ടു – വേർപിരിയാതെ.

ഈ ഇരുപത്തിയേഴ് വർഷത്തിന്റെ കണക്ക് ഈ ലേഖനപരമ്പരയിൽ ഞാൻ ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്നതാണ്. തുമ്മിയാൽ തെറിക്കുന്ന മൂക്കുപോലെയും, തൊട്ടാൽ പൊട്ടുന്ന വെള്ളക്കുമിളപോലെയും മാത്രം കുടുംബജീവിതത്തെ കാണുന്ന, ഇന്നത്തെ ക്ഷിപ്രകോപികളും ക്ഷിപ്രപ്പിണങ്ങികളുമായ യുവതീയുവാക്കന്മാർ ഒന്ന് അമർന്നിരുന്ന് ചിന്തിക്കേണ്ടതിനാണത്. (അതിന് അവരൊക്കെ ഇതുപോലുള്ള പ്രസിദ്ധീകരണങ്ങൾ വായിക്കുന്നുണ്ടോ, ആവോ? മൊബൈലിൽ തോണ്ടിയും മാന്തിയും ഇരിക്കുന്നവർക്ക് ഇതൊക്കെ വായിക്കാൻ എവിടെ നേരം?)

ഏതായാലും ചെറുക്കനും പെണ്ണും വിവാഹത്തിനു മുമ്പ് പരസ്പരം ഫോണിലൂടെ സംസാരിച്ച് മാനസികമായി അടുക്കുന്ന കാര്യം വളരെ നല്ല താണ്. ഇത് ഏറ്റവുമധികം ഗുണം ചെയ്യുക പ്രതിശ്രുതവധുവിനു തന്നെ യാണ്. അവളുടെ ഭയാശങ്കകൾ കുറെയൊക്കെ ദൂരീകരിക്കാൻ ഇതു നിമി ത്തം കഴിയും. വിവാഹം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിൽ അവളെ കൊണ്ടു ചെന്നാക്കിയ ശേഷം അവളുടെ സ്വന്തം വീട്ടുകാർ മടങ്ങിപ്പോകും നേരത്ത് അവളുടെ കണ്ണുകളിൽ നിറയുന്ന കണ്ണീരിന്റെ കനം കുറയാനും ഇതു കൊണ്ട് സാധിക്കും.

പക്ഷേ ഈ ഫോൺവിളി പലപ്പോഴും ഇക്കിളിവർത്തമാനം പങ്കുവയ്ക്കു ന്നതിനുള്ള അവസരമായി മാറുന്നു. പലപ്പോഴും സംസാരം അതിര് കടക്കു കയും അതെത്തുടർന്ന് വിവാഹം മുടങ്ങിപ്പോവുകയും ചെയ്ത സംഭവങ്ങ ളുണ്ട്. ഒരു ഹൈന്ദവകുടുംബത്തിൽ നടന്ന കാര്യം കേൾക്കുക. ആ വീട്ടിലെ പെൺകുട്ടിയുടെ വിവാഹനിശ്ചയം കഴിഞ്ഞു; ഇനി ചില മാസങ്ങൾക്കുശേ ഷമാണ് വിവാഹം. ദിവസവും ചെറുക്കനും പെണ്ണും മണിക്കൂറുകളോളം ഫോണിൽ സംസാരിക്കും. പക്ഷേ സംസാരം പലപ്പോഴും അതിർവരമ്പ് കട ക്കുന്നവയായിരുന്നു.

ഒടുവിൽ പെൺകുട്ടി വീട്ടിൽ കാര്യം പറഞ്ഞു. ഇയാളുടെ കൂടെ ജീവി ക്കാൻ സാധ്യമല്ല! ലക്ഷങ്ങൾ ചെലവിട്ട് നടത്തിയ വിവാഹനിശ്ചയം അങ്ങ നെ പാഴായി. നമ്മുടെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അഴിമതിയോ ടുള്ള ബന്ധത്തിൽ പറഞ്ഞ വാചകമാണ് എനിക്കോർമ്മ വരുന്നത്. "ആർത്തി യാണ് കാരണം" ഈ വിധത്തിൽ, ഫോൺവിളികളിലെ അശ്ലീലസംഭാഷണം മൂലം കല്യാണം മുടങ്ങിപ്പോയ വേറെയും സംഭവങ്ങളുണ്ട്. 'സെറ്റാകാൻ' വേണ്ടി നടത്തിയ ഫോൺവിളികൾ മൂലം ബന്ധങ്ങൾ തകരാറിലാവുക യാണ് ഉണ്ടായത്. ദൈവജനത്തിന്റെ മദ്ധ്യേയും ഇത്തരം പ്രവണതകൾ ഉള്ളതായി കേൾക്കുന്നു.

"ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത്" (മത്തായി 12:34). "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നു" (ലൂക്കൊസ് 6:45). വിവാഹനിശ്ചയത്തി നുശേഷം ചെറുക്കനും പെണ്ണും ഫോൺവിളിച്ച് സംസാരിക്കുമ്പോഴെല്ലാം മേൽപറഞ്ഞ വാക്യങ്ങൾ ഓർക്കുന്നത് നല്ലതാണ്. നിങ്ങളുടെ സംസാരം നിങ്ങളുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും നിങ്ങളുടെ ആത്മികനിലവാരത്തെ പ്രദർശിപ്പിക്കുന്നതാണെന്നും ഓർക്കുക.

പിന്നെന്തു സംസാരിക്കും? ബന്ധുക്കളെക്കുറിച്ച് പര്സപരം സംസാരി ക്കാം. കൂട്ടുകാരെക്കുറിച്ച് സംസാരിക്കാം. സഭയിലെ ചിലയാളുകളെക്കുറിച്ച്

സംസാരിക്കാം. സഭയിലെ ഉപദേശങ്ങൾ ചർച്ച ചെയ്യാം. അത് തർക്കത്തിലേക്ക് എത്തരുതെന്ന് മാത്രം. "ഞങ്ങളുടെ സഭയിൽ ഇങ്ങനെയാണ്" എന്ന് പറയാമെന്നല്ലാതെ, അത് മാത്രമാണ് ശരി എന്ന് വാദിക്കരുത്. ഫോണിലൂടെ സംസാരിച്ച് മാനസികഅടുപ്പം കൈവരിക്കാനാണെങ്കിൽ ('സെറ്റാകാൻ') പരസ്പരം പറയാൻ എത്രയോ വിഷയങ്ങൾ ഉണ്ട്! ജോലിക്കാര്യങ്ങൾ സംസാരിക്കാം. ഭക്ഷണക്കാര്യങ്ങളെക്കുറിച്ചു സംസാരിക്കാം. അതല്ലാതെ ഇക്കിളിവർത്തമാനങ്ങൾ പറയുന്നതിനുള്ള വേദിയായി അതിനെ ആരും അധഃപതിപ്പിക്കരുത്. ഒരു ദൈവപൈതലാണ് എന്ന കാര്യം രണ്ടു പേരും മറക്കരുത്.

തലമുതിർന്ന പലരും ഇതുപോലെയുള്ള ഫോൺവിളികളും സെറ്റാകലും ഒന്നുമില്ലാതെ കുടുംബജീവിതത്തിലേക്ക് പ്രവേശിച്ചവരാണ്. ദൈവം കൊടുത്ത ആയുസ്സുപ്രകാരം അമ്പതിലധികം വർഷം വിജയകരമായി കുടുംബജീവിതം നയിച്ച എത്രയോ മാതൃകാദമ്പതികളുണ്ട്! 'തല്ലുകൂടി, തല പൊളിച്ച്' കഴിയുന്ന ഇന്നത്തെ യുവദമ്പതികൾ കണ്ടുപഠിക്കുക. അമ്പതും അറുപതും വർഷങ്ങൾ കുടുംബജീവിതം നയിച്ച അപ്പാപ്പന്മാരുടെയും അമ്മാമ്മമാരുടെയും ഫോട്ടോകൾ പത്രങ്ങളിൽ കാണുമ്പോൾ അല്പനിമിഷം അതിലേക്ക് നോക്കിനിൽക്കുക. ഫോൺവിളികളില്ലാതെ വിവാഹത്തിലേക്ക് പ്രവേശിച്ചവരാണ് അവർ.

അങ്ങനെയെങ്കിൽ ഫോൺവിളികളിലൂടെ മാനസികമായി പൊരുത്തപ്പെടാൻ നേരത്തേ അവസരം ലഭിക്കുന്ന ഇന്നത്തെ യുവതീയുവാക്കന്മാർ കൂടുതൽ സന്തോഷത്തോടെ കുടുംബജീവിതം നയിക്കേണ്ടവരാണ്. കുടുംബവിശേഷങ്ങളും കൂട്ടുകാരുടെ വിശേഷങ്ങളും സഭാവിശേഷങ്ങളും ജോലിസ്ഥലത്തെ വിശേഷങ്ങളും പറഞ്ഞ്, വിവാഹത്തിനു മുമ്പ് തന്നെ രണ്ടുപേർക്കും ഇരുവശത്തുമുള്ള എല്ലാവരെയും മനസ്സുകൊണ്ട് പരിചയപ്പെടാൻ കിട്ടുന്ന നല്ലൊരു അവസരം കളഞ്ഞുകുളിക്കുന്ന രീതിയിൽ പ്രതിശ്രുത വധൂവരന്മാരുടെ ഫോൺവിളികൾ ആകരുത്.

ഒരിക്കൽ ഒരു നെറ്റ് കഫേയിൽ വച്ച്, ഒരു യുവതി അവളുടെ ഭാവിവരനുമായി ഫോണിൽ സംസാരിക്കുന്നത് ഒരു മണിക്കൂറോളം കേൾക്കാനുള്ള 'ഭാഗ്യം' എനിക്കുണ്ടായി. എന്റെ തൊട്ടടുത്ത കാബിനിലാണ് അവളുണ്ടായിരുന്നത്. ഹെന്റെ പൊന്നോ! എന്തൊക്കെയാ പറയുന്നത്! ഈ നിലയിലാണ് വിശ്വാസിക്കുട്ടികളും പെരുമാറുന്നതെങ്കിൽ, ഫോണിലൂടെ സംസാരിക്കുന്നതെങ്കിൽ ആ കുടുംബജീവിതത്തെ ദൈവം എങ്ങനെ അനുഗ്രഹിക്കും? ഏത് ഇടപാടുകളിലും തങ്ങൾ ദൈവമക്കളാണെന്ന കാര്യം ആരും മറക്കരുത്.

**(തുടരും)**

# ഒരുമിച്ച് 50 വർഷങ്ങൾ

കുടുംബജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ
വിശ്വാസികളായ ദമ്പതികളുമായുള്ള അഭിമുഖം

-എംവിഎസ്-

**Episode 4**

**തൃശ്ശൂർ താളിക്കോട് ഇമ്മാനുവേൽ ബ്രദറൺചർച്ചിലെ ഒരു സഹോദരനാണ് 85 വയസ്സുള്ള സി. ഐ. പൗലൊസ്. അദ്ദേഹത്തിന്റെ ഭാര്യ 83 വയസ്സുള്ള ശോശാമ്മ പൗലൊസ്. 64 വർഷമായി അവർ ഒരുമിച്ച് സന്തോഷത്തോടെ ജീവിക്കുന്നു.**

**സി. ഐ. പൗലൊസിന്റെ ഒരു പെങ്ങളുടെ മകനാണ് സുവിശേഷകനായ കെ.വി.ഐസക്, പീച്ചി. മറ്റൊരു പെങ്ങളുടെ മകനാണ് പൂമല ബ്രദറൺ ചർച്ചിലെ സുവിശേഷകൻ കെ.കെ. ജോൺസൺ. ഇതുപോലെ എഴുതാൻ വേറെയും പല പേരുകളുണ്ട്.**

**തൃശ്ശൂരിൽ നെല്ലിക്കുന്ന് ബ്രദറൺചർച്ച്, കിഴക്കേകോട്ട ബ്രദറൺചർച്ച് എന്നിവയ്ക്കുശേഷം രൂപം കൊണ്ട ബ്രദറൺചർച്ച് ഈ ദൈവദാസന്റെ വീട്ടിലാണ് കൂടിവന്നിരുന്നത്.**

**പാലക്കാട് നെന്മാറയിൽ താമസിച്ച് സുവിശേഷവേല ചെയ്യുന്ന സി. പി. ജോഫി ഇവരുടെ മക്കളിൽ ഒരാളാണ്. ബ്രദർ ജോഫിയുടെ സഹായത്തോടെ തയ്യാറാക്കിയ അഭിമുഖമാണ് ഇത്.**

എന്റെ ചോദ്യങ്ങളും
അദ്ദേഹത്തിന്റെ മറുപടിയും:



*1. വിശ്വാസത്തിലേക്ക് വന്നതിനെപ്പറ്റി?*

കിഴക്കേകോട്ട സഭാഹാളിൽ നടത്തിയ സുവിശേഷയോഗത്തിൽ വച്ച് വൈ. എസക്കിയേൽ സാറിന്റെ സന്ദേശം മുഖാന്തരം എന്റെ 16-ാമത്തെ വയസ്സിൽ ഞാൻ കർത്താവിൽ വിശ്വസിക്കുകയും തുടർന്ന് സ്നാനമേൽക്കുകയും ചെയ്തു.

*2. വിവാഹം നടന്നത് എന്നാണ്?*

എന്റെ ഇരുപത്തിരണ്ടാമത്തെ വയസ്സിലായിരുന്നു വിവാഹം. നെല്ലിക്കുന്ന് സഭാഹാളിൽ വച്ച് പൊറിഞ്ചുഉപദേശിയാണ് വിവാഹം നടത്തിയത്. 1961ൽ ആയിരുന്നു വിവാഹം.

*3. മക്കൾ?*

എട്ടു മക്കളാണ് ഞങ്ങൾക്കുള്ളത്. ആറ് ആൺമക്കളും രണ്ട് പെൺമക്കളും. ഈ മക്കളെല്ലാം ദൈവകൃപയാൽ വിശ്വാസത്തിലായിരിക്കുന്നു. എന്റെ ആറ് ആൺമക്കളിൽ സി.പി. ജോഫി നെന്മാറയിൽ പൂർണ്ണസമയ സുവിശേഷപ്രവർത്തകനാണ്.

ബാക്കിയുള്ള ആൺമക്കൾ കൃഷിയുമായി മുന്നോട്ടു പോകുന്നു. നാലു പേർക്ക് സ്വന്തമായി നഴ്സറി ഉണ്ട്. ഫലവൃക്ഷത്തൈകളും അലങ്കാരച്ചെടികളും പുൽത്തകിടികളും ഉൽപാദിപ്പിച്ചും വിപണനം ചെയ്തും അവർ ജീവിക്കുന്നു.

ഞങ്ങളുടെ മക്കളുടെ പേരുകൾ: ഷാനി, ഷാജു, ഷീല, ബെന്നി, ജോഫി, വിൽസൻ, സാബു, പ്രസാദ്.

ജീവിതസാഹചര്യങ്ങൾ അത്ര മെച്ചപ്പെട്ടതല്ലായിരുന്നുവെങ്കിലും മക്കൾക്കെല്ലാം അത്യാവശ്യം വിദ്യാഭ്യാസം നൽകാനും ആത്മീയകാര്യങ്ങളിൽ പ്രോത്സാഹനം കൊടുക്കാനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

*4. കൊച്ചുമക്കൾ?*

17 കൊച്ചുമക്കൾ ഉണ്ട്. അവരും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതിൽ 12 പേരും കർത്താവിനെ രക്ഷകനായി സ്വീകരിച്ചവരാണ്. ബാക്കിയുള്ളവർ ചെറിയ കുട്ടികളാണ്. എല്ലാ കൊച്ചുമക്കൾക്കും നല്ല വിദ്യാഭ്യാസം നൽകണം, പത്ഥ്യവചനം അവരെ അഭ്യസിപ്പിക്കണം, അവർ ദൈവകൃപയിലാശ്രയിച്ച് ജീവിക്കാൻ അവരെ ആഹ്വാനം ചെയ്യണം. കൊച്ചുമക്കളെക്കുറിച്ചുള്ള ഞങ്ങളുടെ ആഗ്രഹം ഇതാണ്.

*5. കുടുംബജീവിതത്തിലെ പ്രശ്നങ്ങൾ?*

ഞങ്ങൾ കഴിഞ്ഞ 64 വർഷങ്ങളായി ഒരുമിച്ചു ജീവിക്കുന്നു. വളരെ സന്തോഷത്തിലാണ് ഞങ്ങൾ കഴിയുന്നത്. കുടുംബജീവിതത്തിൽ ദൈവം ഞങ്ങൾക്ക് വളരെയധികം കൃപ നൽകി. ഞങ്ങൾ തമ്മിൽ ചെറിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടായാൽ, അധികം താമസിയാതെ തന്നെ അതെല്ലാം പറഞ്ഞുതീർക്കാൻ ശ്രമിക്കും. ഇന്നുവരെ പിരിഞ്ഞുനിൽക്കാൻ ഞങ്ങൾക്ക് ഇടയായിട്ടില്ല. പരസ്പരം വളരെ സ്നേഹത്തോടും ഐക്യത്തോടെയുമാണ് ഞങ്ങൾ ഇന്നും കഴിയുന്നത്. ആശുപത്രിയിൽ ആയാൽ പോലും ഞങ്ങൾക്ക് ഒരുമിച്ചു കഴിയാനാണ് താത്പര്യം. പ്രയാസങ്ങൾ വന്നാലും പ്രതികൂലങ്ങൾ വന്നാലും ഉറച്ചുനിൽക്കാനുള്ള ധൈര്യം ഞങ്ങൾക്ക് കർത്താവ് തന്നിട്ടുണ്ട്. മറ്റുള്ളവർക്ക് മാതൃകയാകുംവണ്ണമുള്ള കുടുംബജീവിതം നയിക്കാൻ ഞങ്ങൾക്ക് ഇടയായിട്ടുണ്ട്.

*6. നിങ്ങൾ രണ്ടുപേരുടെയും പിതാക്കന്മാർ?*

1941 ൽ മൂവാറ്റുപുഴയ്ക്കടുത്ത് വാളകം കുന്നക്കാൽ നിന്ന് തൃശ്ശൂരിലേക്ക് എന്റെ പിതാവ് ചേണാൽ വീട്ടിൽ ഇത്താപ്പി മക്കളോടൊപ്പം വന്നു. എന്റെ പിതാവ് പള്ളിഭക്തനായിരുന്നുവെങ്കിലും സി.ടി.മത്തായിച്ചൻസഹോദരന്റെ സുവിശേഷപ്രഭാഷണം കേട്ട് കർത്താവിനെ സ്വീകരിച്ചു. എന്റെ ഭാര്യാപിതാവ് താന്നിക്കൽ കുട്ടിയച്ചൻ മർത്തോമാസഭ വിട്ട് ഐപിസിയിൽ ചേർന്ന വ്യക്തിയാണ്. അദ്ദേഹം പാണഞ്ചേരിയിൽ ആൽപ്പാറയിൽ സുവിശേഷകനായി പ്രവർത്തിച്ചിരുന്നു.

*7. സഭായോഗങ്ങൾ?*

പ്രായത്തിന്റേതായ ചില പ്രശ്നങ്ങൾ ഞങ്ങൾക്കുണ്ടെങ്കിലും ഞങ്ങൾ രണ്ടാളും സഭായോഗങ്ങൾ മുടക്കാറില്ല. സഭയിൽ കലഹം ഉണ്ടാക്കാതെ ജീവിക്കണമെന്നും കലഹം ഉണ്ടാകുന്ന സാഹചര്യങ്ങൾ വന്നാൽ അവിടെനിന്ന് ഒഴിഞ്ഞുമാറണമെന്നും ഞാൻ മക്കളോട് പറയാറുണ്ട്. ഞാൻ സഭയിൽ മൂപ്പനോ മറ്റേതെങ്കിലും സ്ഥാനങ്ങൾ വഹിക്കുന്നവനോ അല്ല. സാധാരണ വിശ്വാസിയാണ്. പക്ഷേ മാതൃകയുള്ള വിശ്വാസിയായി എന്നും കാണപ്പെടാൻ ആഗ്രഹിക്കുന്നു.

*8. യുവതലമുറയോട് എന്താണ് പറയാനുള്ളത്?*

മക്കൾ യഹോവ നൽകുന്ന ദാനമാകയാൽ അവരെ നല്ല രീതിയിൽ പരിപാലിക്കണം. ചെറിയ ചെറിയ പ്രശ്നങ്ങളുടെ പേരിൽ കുടുംബജീവിതം തകരാതെ നോക്കണം. പരസ്പരം ദൈവത്തിലാശ്രയിച്ച് ദൈവത്തിൽ സമർപ്പിച്ച് മുന്നോട്ടു പോകണം. ഇല്ലായ്മകളിലും പോരായ്മകളിലും പരസ്പരം സഹിക്കാനുള്ള കൃപ രണ്ടാൾക്കും ഉണ്ടാകണം. ചെറിയ വരുമാനമായാലും വലിയ വരുമാനമായാലും അതിൽ നിന്ന് ഒരു ഭാഗം കർത്താവിന്റെ വേല ചെയ്യുന്നവർക്കായി മാറ്റി വയ്ക്കണം.

*9. ഇക്കാലത്ത് കുടുംബജീവിതങ്ങൾ പലതും പെട്ടെന്നു തകരുന്നു. എന്താണ് ഇതിനെക്കുറിച്ച് പറയാനുള്ളത്?*

കുടുംബജീവിതം മുന്നോട്ടു പോകണമെങ്കിൽ പരസ്പരം സഹിക്കാനും വിട്ടുവീഴ്ച ചെയ്യാനും തയ്യാറാവണം. ഈ തലമുറയിൽ പലരും അതിനു തയ്യാറല്ല. അതുകൊണ്ടാണ് കുടുംബജീവിതങ്ങൾ പലതും തകർന്നു പോകുന്നത്. വിട്ടുവീഴ്ച ചെയ്യാനുള്ള മനോഭാവം ഉണ്ടായിരുന്നാൽ ആത്മീകമായും ഭൗതികമായും മുന്നോട്ടു പോകാൻ കഴിയും. മാത്രമല്ല കുടുംബമായും നല്ല രീതിയിൽ മുന്നോട്ടുപോകാൻ കഴിയും.

# ഓരോരോ ജന്മങ്ങള്!

**-എംവിഎസ്-**

22

## കേന്ദ്രമന്ത്രി ജോർജ്ജ് കുര്യന്റെ കണ്ടുപിടുത്തം!

ന്യൂനപക്ഷകാര്യങ്ങൾ ശ്രദ്ധിക്കാനുള്ള കേന്ദ്രമന്ത്രിയും മലയാളിയുമായ ജോർജ്ജ് കുര്യൻസാർ നടത്തിയ ഒരു തള്ള്പ്രസ്താവന കേൾക്കൂ: *ക്രിസ്ത്യാനികൾക്ക് ഏറ്റവും സുരക്ഷിതം ഇന്ത്യ.* (2026 ജനുവരി 19 ലെ വാർത്ത).

എന്റെ മന്ത്രിസാറേ, നിങ്ങളേത് ലോകത്താണ്? ക്രിസ്ത്യാനികളുടെ എത്രയോ ആരാധനാലയങ്ങൾ ഇന്ത്യയിൽ തകർക്കപ്പെട്ടു? നിയമം കൈയിലെടുത്ത് സംഘം ചേർന്ന് ഭീഷണിപ്പെടുത്തി മതിലിന്മേൽ എഴുതിയ ബൈബിൾ വാക്യം മായിച്ചുകളയാൻ വന്നത് ഇങ്ങ് കേരളത്തിലാണ് - അങ്ങയുടെ സ്വന്തം നാട്ടിൽ! എത്രയോ കന്യാസ്ത്രീകൾ ഉപദ്രവിക്കപ്പെട്ടു? എത്രയോ അച്ചന്മാരും പാസ്റ്റർമാരും തല്ല് കൊണ്ടു? കൊല്ലപ്പെട്ടു? ഗ്രഹാം സ്റ്റെയിൻസും അദ്ദേഹത്തിന്റെ എട്ടും പത്തും വയസ്സുള്ള രണ്ട് പിഞ്ചോമനകളും കൊല്ലപ്പെട്ടത് അവർ ക്രിസ്ത്യാനികളായതുകൊണ്ടാണ്.

ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും ഇഷ്ടമുള്ള മതം പ്രചരിപ്പിക്കാനും ഇന്ത്യൻഭരണഘടന സ്വാതന്ത്ര്യം തന്നിട്ടുള്ളപ്പോൾ, അതിനെതിരായി പ്രവർത്തിക്കുകയും സംഘം ചേർന്ന് ഭീഷണിപ്പെടുത്തി ആളുകളെ തല്ലിയോടിക്കുകയും കള്ളക്കേസിൽ അകപ്പെടുത്തി ജയിലിൽ അടയ്ക്കുകയും ചെയ്ത എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്? ക്രിസ്ത്യാനികളുടെ കണ്ണീരും ചോരയും വീണ് ഇന്ത്യൻ മണ്ണ് നനഞ്ഞിട്ടും കേന്ദ്രമന്ത്രിയായ അങ്ങ് ഇതൊന്നും അറിഞ്ഞില്ലെന്നോ!

കഴിഞ്ഞ ക്രിസ്മസിന് വ്യാപകമായ നിലയിൽ കാരൾസംഘങ്ങൾക്കെതിരെ അക്രമം ഉണ്ടായത് അങ്ങറിഞ്ഞില്ലേ? ക്രിസ്ത്യൻ സ്കൂളുകളിൽ ഹൈന്ദവാചാരപ്രകാരമുള്ള കാര്യങ്ങൾ ചെയ്യണമെന്ന് വാശിപിടിച്ച് ഹിന്ദുത്വസംഘടനകൾ ഭീഷണി മുഴക്കുന്നതിന്റെ വാർത്തകൾ അങ്ങ് കാണുന്നില്ലേ? പ്രാർത്ഥനാലയത്തിൽ അതിക്രമിച്ചു കയറി അവിടത്തെ പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് മറിയം പിഴച്ചുപെറ്റതാണ് എന്നും യേശുവിന്റെ തന്ത ആരാണെന്നും ചോദിക്കുന്ന ഹിന്ദുതീവ്രവാദിയുടെ വീഡിയോ നാട്ടിൽ പാട്ടായിട്ടും അങ്ങ് കണ്ടില്ലേ? പാസ്റ്ററെ ചാണകം തീറ്റിച്ചതും പരസ്യമായ കൂത്തുകാഴ്ചയാക്കിയതും അങ്ങ് അറിഞ്ഞില്ലെന്നോ!

എന്താ പറയുക? ഓരോരോ ജന്മങ്ങള്...! ❍

## സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 73

-എംവിഎസ്-

# ക്രിസ്ത്യാനികളെ വേട്ടയാടുന്നവർ!

ലോകത്ത് ആകെ 195 രാജ്യങ്ങളാണ് ഉള്ളതെന്ന് പൊതുവെ കണക്കാക്കപ്പെടുന്നു. ഈ 195 രാജ്യങ്ങളിൽ ക്രിസ്ത്യാനികളെ ഏറ്റവുമധികം ഉപദ്രവിക്കുന്ന രാജ്യമേതാണ്? ഉത്തരകൊറിയ എന്നാണ് ഉത്തരം. കഴിഞ്ഞ കുറെ വർഷങ്ങളായി ക്രൈസ്തവരെ വേട്ടയാടുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കിം ജോങ് ഉൻ പ്രസിഡണ്ടായിട്ടുള്ള നോർത്ത് കൊറിയ തന്നെയാണ്.

രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് സോമാലിയ – 70 ശതമാനത്തോളം ആളുകൾ അങ്ങേയറ്റം പട്ടിണിയിൽ കഴിയുന്ന ആഫ്രിക്കൻരാജ്യം! രാജ്യത്ത് പട്ടിണിയും ദാരിദ്ര്യവും ആണെങ്കിലും ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്ന കാര്യത്തിൽ യാതൊരു ദാരിദ്ര്യവുമില്ല! ക്രിസ്ത്യാനികളുടെ കയ്യും കാലും തല്ലിയൊടിക്കാനും അവരെ കൊല്ലാനും എടുക്കുന്ന സമയം രാജ്യപുരോഗതിക്കുവേണ്ടി സോമാലിയക്കാർ ഉപയോഗിച്ചിരുന്നുവെങ്കിൽ അവരുടെ രാജ്യം രക്ഷപ്പെട്ടേനേ.

ക്രൈസ്തവരെ ആക്രമിക്കുന്ന കാര്യത്തിൽ പതിനൊന്നാം സ്ഥാനത്താണ് മോദിജിയുടെ ഇന്ത്യ. 2015 ൽ 21–ാം സ്ഥാനത്തായിരുന്നു ഇന്ത്യ. വെറും പത്തുവർഷം കൊണ്ട് 11–ാം സ്ഥാനത്തെത്തി! 2014 മെയ് മാസത്തിൽ ആണ് നരേന്ദ്രമോദി ആദ്യമായി ഇന്ത്യൻ പ്രധാനമന്ത്രിപദത്തിൽ എത്തിയത്. ബിജെപി ഭരണത്തിൽ ക്രൈസ്തവർക്കെതിരെയുള്ള പീഡ വർദ്ധിച്ചുവെന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. തിരിച്ചടിക്കില്ലെന്ന് ഉറപ്പുള്ളതും ന്യൂനപക്ഷവുമായ ക്രിസ്ത്യാനികളെ കുറെ നരാധമന്മാർ വേട്ടയാടുന്നത് അധികാരികളുടെ മൗനസമ്മതത്തോടുകൂടിയാണോ എന്നു പലപ്പോഴും സംശയം തോന്നിയിട്ടിണ്ട്.

(Source: https://www.christianitytoday.com/2026/01/christian-persecution-2026-countries-open-doors-watch-list/)

ക്രിസ്ത്യാനികളെ ഉപദ്രവിച്ച് ഉന്മൂലനം ചെയ്യുന്ന കാര്യത്തിൽ ഇന്ത്യയെ ഒന്നാം സ്ഥാനത്ത് എത്തിക്കും എന്ന് ദൃഢപ്രതിജ്ഞ എടുത്തിട്ടുള്ളതുപോലെയാണ് ഇവിടത്തെ ചില ഹിന്ദുതീവ്രവാദസംഘടനകളുടെ

പ്രവൃത്തികൾ. 2026 ജനുവരിയിൽ ഒഡീഷയിൽ നടന്ന ദാരുണമായ സംഭവം ഈ രാജ്യദ്രോഹികളുടെ ക്രൂരത ഒന്നുകൂടി വെളിപ്പെടുത്തുന്ന താണ്. അതിന്റെ വിവരണം താഴെ കൊടുക്കുന്നു:

പാസ്റ്ററെ ജയ് ശ്രീ റാം വിളിപ്പിച്ചും ബലമായി ചാണകം തീറ്റി പ്പിച്ചും ഹിന്ദുത്വരുടെ അതിക്രമം. ഒഡീഷയിലെ ധെങ്കനാൽ ജില്ല യിലെ പർജാങ് ഗ്രാമത്തിലാണ് സംഭവം.

2026 ജനുവരി 4 ന് നടന്ന ഞെട്ടിക്കുന്ന സംഭവം ഇപ്പോഴാണ് പുറത്ത് വരുന്നത്. പാസ്റ്റർ ബിപിൻ ബിഹാരി നായിക്കിനാണ് ബജ്‌രംഗ്ദളിന്റെ ക്രൂരമർദ്ദനമേറ്റത്. പാസ്റ്റർ നായിക്കും ഭാര്യ സിസ്റ്റർ വന്ദനയും ഏതാനും കുടുംബങ്ങളും വീട്ടിൽ പ്രാർത്ഥന നടത്തുന്നതിനിടെ 40–ഓളം വരുന്ന സംഘം വീട്ടിലേക്ക് അതിക്ര മിച്ചു കയറുകയായിരുന്നു. വീട്ടിലുണ്ടായിരുന്നവരെയെല്ലാം അവർ ക്രൂരമായി മർദ്ദിച്ചു.

അവരുടെ കൈയിൽനിന്ന് രക്ഷപ്പെട്ട് വന്ദനയും മക്കളും പൊലീ സ്‌സ്റ്റേഷനിൽ എത്തി വിവരം അറിയിച്ചെങ്കിലും പൊലീസ് ഏറെ വൈകിയാണ് സ്ഥലത്തെത്തിയത്. ഇതിനിടെ ആൾക്കൂട്ടം പാസ്റ്ററെ പുറത്തേക്ക് വലിച്ചിഴച്ച് കൊണ്ടുപോയശേഷം ജയ്ശ്രീറാം വിളിക്കാൻ പറഞ്ഞ് വടി കൊണ്ട് മർദ്ദിച്ചു. ബലമായി ചാണകം തീറ്റിപ്പിച്ചു. മുഖത്ത് ചുവന്ന സിന്ദൂരം പുരട്ടുകയും കഴു ത്തിൽ ചെരുപ്പുമാലയും അണിയിച്ച് നായിക്കിനെ രണ്ടുമണിക്കൂ റോളം ഗ്രാമത്തിലൂടെ നടത്തിക്കുകയും ചെയ്തു. അതിനുശേഷം ഒരു ക്ഷേത്രത്തിനു സമീപം കെട്ടിയിട്ടും മർദ്ദനം തുടർന്നു.

ഭർത്താവിനെ കാണുമ്പോൾ മുഖത്തുനിന്നുൾപ്പെടെ ചോര വാർന്നൊലിക്കുന്ന നിലയിലായിരുന്നുവെന്ന് വന്ദന പറയുന്നു. പോലീസ് ഇടപെട്ടിട്ടും അക്രമിസംഘം മർദ്ദനം നിർത്തിയില്ല. ഏറെ നേരം കഴിഞ്ഞാണ് അക്രമിസംഘത്തിൽനിന്ന് നായി ക്കിനെ പൊലീസ് രക്ഷപ്പെടുത്തി സ്റ്റേഷനിലേക്ക് കൊണ്ടുപോയ ത്. വൈദ്യസഹായമൊന്നും നൽകാതെ നായിക്കിനെ സ്റ്റേഷനിൽ ഒരു മണിക്കൂറോളം നേരം ഇരുത്തിയതായി സാമൂഹിക പ്രവർത്ത കർ ആരോപിച്ചു.

നിർബന്ധിതമതപരിവർത്തനം നടത്തിയെന്ന് പറഞ്ഞ് പൊലീസ് നായിക്കിന് എതിരെ കേസ് ഫയൽ ചെയ്തു. അക്രമികൾക്കെതി രെയും കേസ് ഫയൽ ചെയ്തു.

**ഇതാണ് ഇന്ത്യയുടെ അവസ്ഥ! ദൈവജനമേ പ്രാർത്ഥിക്കൂ.**

# www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

**ആനുകാലികം**

## ലേഖനത്തിന്റെ പേരിൽ പത്രസ്ഥാപനത്തിന്റെ പ്രവർത്തനം തടയാനാകില്ല: സുപ്രീംകോടതി

പഞ്ചാബ്സർക്കാരിനെ വിമർശിച്ചുള്ള ലേഖനം വന്നതിനു പിന്നാലെ പഞ്ചാബ് കേസരി പത്രത്തിനും മാനേജ്മെന്റിനു മെതിരെ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച കേസിലാണ് പരാമർശം. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ യാതൊരു നടപടിയും എടുക്കരുതെന്ന് കോടതി നിർദ്ദേശിച്ചു. സംസ്ഥാന സർക്കാരിന്റെ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തു. **(2026 ജനുവരി 21 ലെ പത്രവാർത്ത)**

വിമർശനത്തെ സർക്കാരുകൾ എന്തിന് ഭയപ്പെടുന്നു? ആരുടെയെങ്കിലും ഭാഗത്തുനിന്ന് വിമർശനങ്ങൾ വരുമ്പോൾ, അവയിൽ വല്ല കഴമ്പുമുണ്ടോ എന്ന് പരിശോധിക്കുകയാണ് വേണ്ടത്. തങ്ങളുടെ ഭാഗത്തുനിന്ന് വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ അത് സമ്മതിക്കാനും തെറ്റ് തിരുത്താനും തയ്യാറാവണം. തങ്ങളുടെ ഭാഗത്ത് തെറ്റൊന്നും ഇല്ലെങ്കിൽ, അക്കാര്യം വിശദീകരിച്ച് വിമർശകരുടെ വായടക്കണം. അതല്ലാതെ, വിമർശകരുടെ നേരെ പ്രതികാരബുദ്ധി കാണിക്കാൻ തുനിഞ്ഞാൽ, അവരുന്നയിച്ച കാര്യങ്ങൾ സത്യമാണെന്ന് തെളിയുകയാണ് ചെയ്യുന്നത്.

സ്തുതിപാഠകരെ മാത്രം സർക്കാരുകൾ പ്രോത്സാഹിപ്പിച്ചാൽ പോരാ. ക്രിയാത്മകമായ വിമർശനങ്ങൾ ഉന്നയിക്കുന്നവരെയും ശ്രദ്ധിക്കണം. സ്തുതിപാഠകർ നമ്മുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കുകയില്ല. വിമർശകരിൽനിന്നാണ് അത് നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. തെറ്റുകൾ വിളിച്ചുപറയുന്നവരോട് വിരോധം തോന്നി, അവരെ കായികമായി നേരിടാനും മാനസികമായി ബുദ്ധിമുട്ടിക്കാനും അധികാരം ദുർവിനിയോഗം ചെയ്ത് അവരെ തുറുങ്കിലടക്കാനും സർക്കാരുകൾ ശ്രമിച്ചാൽ അത് ആനമണ്ടത്തരമാണ്. ചിന്താശക്തി നഷ്ടപ്പെട്ടിട്ടില്ലാത്തവർ നാട്ടിലുണ്ട് എന്ന കാര്യം മറക്കരുത്.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V